ഈ പദ്ധതിമൂലം വെള്ളത്തിനടിയിലാകുന്ന 1984.7 ഹെക്ടർ വനഭൂമിക്ക് പകരം വനവത്ക്കരണത്തിന് പുതിയ ഭൂമി കിട്ടാത്തതുകൊണ്ട് വനംവകുപ്പിന്റെ അധീനതയിൽ 'ഡീഗ്രേയ്ഡഡ് ഫോറസ്റ്റ്' ലഭ്യമാണെങ്കിൽ വെള്ളത്തിനടിയിലാകുന്ന വനഭൂമിക്ക് പകരമായി ഇരട്ടി വിസ്തീർണ്ണമായ 3969.4 ഹെക്ടർ ഡീഗ്രേയ്ഡഡ് ഫോറസ്റ്റിൽ പുതിയ വനം വച്ച് പിടിപ്പിക്കുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള നിരക്കായ ഹെക്ടറിന് മുപ്പതിനായിരം എന്ന നിരക്കിൽ വനം വച്ചുപിടിപ്പിക്കുന്നതിനായി 1194 ലക്ഷം രൂപ റിപ്പോർട്ടിൽ വിലയിരുത്തിയിട്ടുണ്ട്.

ഇത് കൂടാതെ പദ്ധതി നടപ്പിൽ വന്നാൽ ഉടൻതന്നെ പുനരധിവാസ കമ്മിറ്റി രൂപീകരിക്കുമെന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഈ പദ്ധതിമൂലം ഭൂമി നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് തുല്യമായ ഭൂമി തിരികെ നൽകുകയും അവിടെ കൃഷി ചെയ്യാൻ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുമെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിമൂലം വീട് നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് വീടുകൾ വച്ചുകൊടുക്കുമെന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പുനരധിവാസ കേന്ദ്രങ്ങളിലേക്ക് മാറ്റിപാർപ്പിക്കുന്ന കുടുംബങ്ങൾക്ക് വേണ്ടവിധം എല്ലാ സൗകര്യങ്ങളും ഏർപ്പാട് ചെയ്തുകൊടുക്കുമെന്നും കൃഷി ഭൂമി നൽകാത്ത കുടുംബങ്ങൾക്ക് പകരം ജോലിയോ അല്ലാത്തപക്ഷം കടകളോ നൽകുമെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി ദോഷകരമായി ബാധിക്കുന്ന കുടുംബങ്ങൾക്ക് ഓരോ കുടുംബത്തിനും ഓരോ വർഷത്തേക്കോ അഥവാ തൊഴിൽ തുടങ്ങുന്നതിന് മുമ്പോ പതിനായിരം രൂപ റീഹാബിലിറ്റേഷൻ ഗ്രാന്റായും 500 രൂപ മെയിന്റനൻസ് അലവൻസായും പരാമർശിച്ചിട്ടുണ്ട്.

മണ്ണന്ത, തുറാനി മേഖലകളിൽ നിന്നും വെള്ളം ചോർത്തുന്നത് തടയാൻ നടപടി

92 [549] ശ്രീ. കെ. മുഹമ്മദാലി:
,, പി. ജെ. ജോയി:
,, വി. ഡി. സതീശൻ:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്ത, തുറാനി മേഖലകളിൽ നിന്നും വെള്ളം ചോർത്തുവാൻ കനാലുകളും തുരങ്കങ്ങളും നിർമ്മിക്കുവാൻ തമിഴ്നാട് ശ്രമം ആരംഭിച്ചിട്ടുണ്ടോ;

(ബി) മംഗളയാറിലെ വെള്ളം തമിഴ്നാട്ടിലെ വനംവകുപ്പ് ഉദ്യോഗസ്ഥർ താൽക്കാലിക അണകെട്ടി തമിഴ്നാട്ടിലെ കറുപ്പാറിലേക്ക് ഒഴുക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly